**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2740** — **13-12-2022 - ൽ മറുപടിയ്ക്ക്**

**പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുന്നതിന് കേരള മാതൃക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ. കെ.വി.സുമേഷ്,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ ജി സ്റ്റീഫൻ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാനം ഏറ്റെടുക്കുന്നതിനും നിലവിലുള്ളത് നിലനിർത്തുന്നതിനും ലാഭകരമായി നടത്തുന്നതിനുമായി നടത്തുന്ന പ്രവർത്തനങ്ങൾ വിശകലനം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | ഉണ്ട്. തന്ത്രപ്രധാന മേഖലയിൽ ലാഭത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾപോലും സ്വകാര്യവത്ക്കരിക്കുന്നതിനും, നഷ്ടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ അടച്ചുപൂട്ടുകയും ചെയ്യുന്ന കേന്ദ്രനയത്തിന് ബദലായി പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച്, പ്രവർത്തനം ശക്തിപ്പെടുത്തി, മത്സരക്ഷമമാക്കി പൊതുമേഖലയിൽ തന്നെ നിലനിർത്തുക എന്ന വികസനനയമാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഇതോടൊപ്പം സ്ഥാപനങ്ങൾക്ക് ലാഭകരമായി ഉൽപ്പാദനം നടത്തുവാനുള്ള സാങ്കേതികവിദ്യയും ഉല്പന്നത്തിന്റെ വിപണനസാധ്യതയും കണ്ടെത്തി സ്ഥാപനങ്ങൾ വരുത്തിയിട്ടുള്ള മുൻകാല ബാധ്യതകൾ തീർപ്പാക്കി അവയെ പുനഃനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു |
| (ബി) | ഈ സർക്കാരിന്റെ കാലയളവിൽ പൊതുമേഖലാ സ്ഥാപനങ്ങൾ നേടിയ പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ; | (ബി) | 2021-22 സാമ്പത്തിക വർഷം വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാസ്ഥാപനങ്ങൾ 3892.13 കോടി രൂപയുടെ മൊത്തം വിറ്റുവരവും 386.05 കോടി രൂപയുടെ പ്രവർത്തനലാഭവും കൈവരിച്ചിട്ടുണ്ട്. കിൻഫ്ര ഉൾപ്പെടെ 24 സ്ഥാപനങ്ങൾ പ്രവർത്തന ലാഭം നേടിയിട്ടുണ്ട്. 2020-21 സാമ്പത്തിക വർഷത്തേക്കാൾ വിറ്റുവരവിൽ 588.16 (17.80%) കോടി രൂപയുടെയും പ്രവർത്തനലാഭത്തിൽ 339.04 കോടി രൂപയുടെയും വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.<br><br>കേരള മിനറൽസ് & മെറ്റൽസ് ലിമിറ്റഡ്, കെൽട്രോൺ, കെൽട്രോൺ കംപോണന്റ് കോംപ്ലക്സ് ലിമിറ്റഡ് തുടങ്ങിയ സ്ഥാപനങ്ങൾ സർവ്വകാല റെക്കോർഡ് വിറ്റുവരവും പ്രവർത്തനലാഭവും |

| | | | |
|---|---|---|---|
| | | | രേഖപ്പെടുത്തിയിട്ടുണ്ട്. ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്റ്റ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ സർവ്വകാല റെക്കോർഡ് വിറ്റുവരവ് രേഖപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പൊതുമേഖലാ സ്ഥാപനങ്ങൾ സംരക്ഷിക്കുകയും പ്രൊഫഷണലായി നടത്തുകയും ചെയ്യുന്നതിനായി കേരള മാതൃക സൃഷ്ടിക്കുന്നതിന് രൂപം നൽകിയിട്ടുള്ള കരട് വ്യവസായ നയത്തിൽ പൊതുമേഖലയുമായി ബന്ധപ്പെട്ട് എന്തെല്ലാം നിർദ്ദേശങ്ങളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ? | (സി) | പൊതുമേഖലാ സ്ഥാപനങ്ങളെ സംരക്ഷിച്ച് പൊതുമേഖലയിൽ തന്നെ നിലനിർത്തി പ്രവർത്തനം കൂടുതൽ വിപുലീകരിച്ച് മത്സരക്ഷമമാക്കുക എന്ന നയമാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. കമ്പനി നിയമമനുസരിച്ച് പ്രവർത്തിക്കുന്ന പൊതുമേഖലാസ്ഥാപനങ്ങളെ, മത്സരക്ഷമവും ലാഭകരവും ആക്കുന്നതിനായി ആധുനികവൽക്കരണം നടപ്പിലാക്കുന്നതിനും, ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും, ഉല്പാദന ചിലവ് കുറയ്ക്കുന്നതിനും ആവശ്യമായ ഇടപെടലുകൾ പുതിയ വ്യവസായനത്തിന്റെ ഭാഗമാണ്. പൊതുമേഖലാസ്ഥാപനങ്ങൾക്ക് മാസ്റ്റർ പ്ലാനുകൾ തയ്യാറാക്കി, ദീർഘകാല, ഇടക്കാല, ഹ്രസ്വകാല ലക്ഷ്യങ്ങൾ നേടുന്നതിനും പ്രാമുഖ്യം നൽകുന്നു. എല്ലാ പൊതുമേഖല വ്യവസായ സ്ഥാപനങ്ങളുടേയും ഡയറക്ടർ ബോർഡിൽ വ്യവസായമേഖലയിലെ വിദഗ്ദ രെ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. പൊതുമേഖലാസ്ഥാപനങ്ങളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഭാവി വികസന പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ഓരോ സ്ഥാപനങ്ങളുടെയും പ്രത്യേക മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുള്ള ഹ്രസ്വ കാല പദ്ധതികൾ സ്ഥാപനങ്ങൾ നടപ്പിലാക്കി വരുന്നു. പരമ്പരാഗത മേഖലയിലുള്ള സ്ഥാപനങ്ങൾക്ക് മാർക്കറ്റിങ് വിപുലപ്പെടുത്തുന്നതിനു ഇ-കൊമേഴ്സ് പോർട്ടൽ വിപുലീകരിക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുന്നു. പൊതുമേഖലാസ്ഥാപനങ്ങളിലെ പി.എസ്.സി. മുഖേനയല്ലാത്ത നിയമനങ്ങൾ സുതാര്യമായി നടപ്പിലാക്കുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ ആൻറ് റിക്രൂട്ട്മെന്റ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ